

പത്മനാഭോദയം ഹയർ സെക്കന്ററി സ്കൂൾ

മെഴുവേലി

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം
# 2025

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | – | പത്മനാഭോദയം ഹയർ സെക്കന്ററി സ്കൂൾ, മെഴുവേലി |
| വിദ്യാഭ്യാസ ജില്ല | – | തിരുവല്ല |
| ഉപജില്ല | – | ആറൻമുള |
| ഹെഡ്മിസ്ട്രസ്സ് | – | സിന്ധു എം.കെ |
| പ്രിൻസിപ്പാൾ | – | ശോഭപണിക്കർ |
| ഫോൺനമ്പർ | – | 0468 2257966 |

# സ്റ്റാഫ് ലിസ്റ്റ്

| | | |
|---|---|---|
| 1 | സിന്ധു എം.കെ | HM HST MALAYALAM |
| 2 | അമ്പിളി ശ്രീധർ | HST ENGLISH |
| 3 | ഡോണ രംഗനാഥ് | HST PHYSICAL SCIENCE |
| 4 | സോണി കെ എ | HST HINDI |
| 5 | ശ്രീജ പി | HST SS |
| 6 | അനീഷ ബി | HST MATHS |
| 7 | ബിന്ദു പി.എം | HST NS |
| 8 | ധന്യ കെ എം | UPST |
| 9 | വെലൻ എസ് | UST |
| 10 | നിഷ എം എസ് | UPST |
| 11 | അഖില എസ് | UPST |

# ആമുഖം

ശ്രീനാരായണ നാരായണഗുരുദേവന്റെ പാദസ്പർശത്താൽ അനുഗ്രഹീതമായ പത്തനംതിട്ട ജില്ലയിലെ മെഴുവേലി എന്ന പ്രദേശത്ത് കവിയും സാമൂഹിക പരിഷ്കർത്താവും ആയിരുന്ന മൂലൂർ എസ് പത്മനാഭ പണിക്കരുടെ പേരിൽ 1928 ൽ സ്ഥാപിതമായ വിദ്യാലയമാണ് പത്മനാഭയം ഹയർ സെക്കൻഡറി സ്കൂൾ. ഈ സ്ഥാപനം എസ് എൻ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതും ശ്രീ വെള്ളാപ്പള്ളി നടേശൻ മാനേജരായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഈ സ്കൂളിൽ അഞ്ചു മുതൽ 12 വരെ ക്ലാസുകളിലായി 500 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുമ്പോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വികസനനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്

നമ്മുടെ വിദ്യാലയങ്ങളെ സമൂലം മാറ്റി എടുക്കേണ്ടതിനാൽ വിദ്യാലയ സമൂഹവും അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവ് കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മുൻ വർഷങ്ങളിൽ വിദ്യാലയങ്ങളിൽ തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കാൻ പ്രളയം മഹാമാരി തുടങ്ങിയ കാരണങ്ങളിൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളും മറ്റും വന്നത് അക്കാദമിക മാസ്റ്റർ പ്ലാൻ പുനർ നിർമിക്കേണ്ടതിന് കാരണമായിട്ടുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസ രംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ കണ്ടെത്തി നടത്തേണ്ടതുണ്ട്

അവസ്ഥാ പഠനം [അക്കാദമികം]

മെഴുവേലി പി എച്ച് എസ് എസ് സ്കൂളിൽ അഞ്ചു മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ക്ലാസുകളിൽ ഏകദേശം 500 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം എന്നീ മീഡിയങ്ങൾ പഠനത്തിനായി നിലവിലുണ്ട്. ജീവനക്കാർ ഉള്ള ഈ സ്ഥാപനത്തിൽ എൻ സി സി, സ്കൗട്ട് ആൻഡ് ഗൈഡ്സ്, സൗഹൃദ ക്ലബ്ബ്, കരിയർ ഗൈഡൻസ് ക്ലബ്, എൻ എസ് എസ് ലഹരി വിരുദ്ധ ക്ലബ്ബ്, ഫോറസ്റ്റ് ക്ലബ്ബ്, ഇ എം സി ക്ലബ്ബ്, എക്കോ ക്ലബ്ബ്, വിദ്യാരംഗം, സ്പോർട്സ് ക്ലബ്ബ്, മ്യൂസിക് ക്ലബ്, ആരോഗ്യ ക്ലബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, സുരീലി ഹിന്ദി ക്ലബ്ബ് എന്നീ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ലാബ്, ലൈബ്രറി എന്നിവയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു.

പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ക്ലാസുകളും ഗ്രൂപ്പ് പ്രവർത്തനങ്ങളും നടന്നുവരുന്നു. പ്രത്യേക പരിഗണന അർഹിക്കേണ്ട കുട്ടികൾക്ക് പ്രത്യേക പഠന പ്രവർത്തനങ്ങൾ നൽകി വരുന്നു. ഉൽചേരൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ടേക്കിംഗ് ടെക്സ്റ്റ് നൽകിവരുന്നു. കോവിഡാനന്തരം സ്കൂളുകളിൽ എത്തിയ കുട്ടികൾക്ക് തുടർ വർഷങ്ങളിൽ മാനസിക പിന്തുണയും വിദ്യാഭ്യാസ പിന്തുണയും നൽകിവരുന്നു.

2025-26 അധ്യായന വർഷം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവർത്തി പരിചയം പഠന പ്രവർത്തനങ്ങളിൽ സജീവമായി ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവസരം പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

- സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയങ്ങളിലെ വിഭവങ്ങൾ (കളി ഉപകരണങ്ങൾ, ഉദ്യാനം, മൈതാനം എന്നിവ) വിദ്യാർത്ഥി സൗഹൃദപരമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർത്ഥികളോടൊപ്പം സമൂഹത്തിന് ആകെ ഉപയോഗിക്കുകയും ചെയ്യാം.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം കൂടി മനസ്സിലാക്കി അതിന്റെ സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്നു
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യണം.
- കുട്ടികളിൽ പഠന വിടവ് നികത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സമയം കണ്ടെത്തി പ്രത്യേക പഠന പ്രവർത്തനങ്ങൾ നൽകേണ്ടതുണ്ട് സാമ്പത്തികമായും പഠനപരമായും പിന്നോക്കം നിൽക്കുകയും കുട്ടികളിൽ ഏറെ പങ്കും നമ്മുടെ സ്കൂളിലുണ്ട് രക്ഷിതാക്കളുടെ അശ്രദ്ധയും സാഹചര്യക്കുറവും മൂലം പഠനപ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുണ്ട്. ഇത്തരത്തിലുള്ള രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി. പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റ് എന്നിവരുടെ സഹകരണത്തോടും പിന്തുണയോടും കൂടി സ്കൂൾ വികസനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

## ഭൗതിക സാഹചര്യം

- ❖ സ്കൂൾ കെട്ടിടങ്ങൾ കാലപ്പഴക്കം ചെന്നവയാണ്. ലാബ്, ലൈബ്രറി എന്നിവ പ്രവർത്തിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഇല്ല. ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങൾ ഫർണിച്ചറുകൾ എന്നിവയുടെ കുറവുണ്ട്. ആവശ്യമായ പഠന സാമഗ്രികളുടെ കുറവുണ്ട്. കമ്പ്യൂട്ടറിൽ ലാബിലേക്ക് ആവശ്യമായ ഫർണിച്ചറുകൾ ഇല്ല. ഡെസ്ക്, അലമാരകൾ എന്നിവയുടെയും കുറവുകൾ ഉണ്ട്. സ്കൂളിന് ചുറ്റുമുള്ള ചുറ്റുമതിൽ ഭാഗികമായിട്ടാണ് ഉള്ളത് അത് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.
- ❖ ഉച്ചഭക്ഷണ പാചകപ്പുര നവീകരണം നടത്തേണ്ടതുണ്ട് സെമിനാർഹോൾ സ്റ്റേഡിയം ഫുട്ബോൾ ബാസ്ക്കറ്റ്ബോൾ എന്നിവയ്ക്ക് വേണ്ട കോർട്ടുകൾ ഒരുക്കേണ്ടതുണ്ട്.

..

| മേഖല . ഹൈസ്കൂൾ, മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>6. വാക്കുകൾ നിർമിക്കൽ<br>7. ചിത്രം അടിക്കുറിപ്പ്<br>8. ചിത്രം കഥ എഴുത്തൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br>10. വാക്യം നിർമ്മിക്കൽ | രണ്ടുമാസം ആഗസ്റ്റ് - സെപ്റ്റംബർ | പുസ്തകങ്ങൾ<br>ചിത്രകങ്ങൾ | പിടിഎ അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ലൈബ്രറി നവീകരണം<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കുക<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായന അനുഭവം<br>8. വായനക്കുറിപ്പ് ,പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരനുമായുള്ള അഭിമുഖം<br>12. ആനുകാലിലെ പ്രസിദ്ധീകരണവും വായനയും<br>13. ആസാദ്വകരമായ വായന<br>14. ഇ - വായന | ആറുമാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലികങ്ങൾ | പിടിഎ അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുക്കാരൻ ആക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുവർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗ്ഗസൃഷ്ടിയുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷാ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>10. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി | ആറുമാസം | ക്ലാസ് ലൈബ്രറി<br>ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | പിടിഎ, അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | 1. പ്രസംഗം പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി<br><br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുന്നു | ജൂലൈ ഡിസംബർ<br><br><br>ആറുമാസം ജൂലൈ ഡിസംബർ | ലൈബ്രറി<br>പുസ്തകങ്ങൾ<br>ഫോട്ടോകൾ<br><br>ഓഡിയോ<br>വീഡിയോ | പിടിഎ, അധ്യാപകർ<br><br><br>ട്രെയിനർ<br>അധ്യാപകർ |

| മേഖല . യു.പി വിഭാഗം, ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| 1. **<u>5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ</u>**<br><br>ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചു എടുക്കുക | പുതിയ പദങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലേക്ക് കൊടുത്ത് പഠിപ്പിക്കും.<br>ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| 2. **<u>ഹിന്ദി വായന</u>**<br><br>തെറ്റു കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും | നിരന്തരം പുസ്തകം വായിച്ചുകേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി താഴെ ഹിന്ദിയിൽ വാക്യം ഉള്ളവ കാണിക്കും. വായന കാർഡ് എന്നിവ കാണിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |
| 3. **<u>ഹിന്ദി സംസാരം</u>**<br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസ്സിൽ കൊണ്ടുവരും. വായനയിൽ മുന്നിലെത്തുന്ന കുട്ടിക്ക് സമ്മാനം നൽകും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്ബ് |

മേഖല . എച്ച് എസ് വിഭാഗം, ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥാ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ് |
| 2. മാതൃഭാഷയെപ്പോലെ ഹിന്ദി നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ് |
| 3. വിവർത്തകർ, വായനക്കാർ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | പ്രേംചന്ദ് ജന്മദിനം ജൂലൈ 31 ആഘോഷിക്കുന്നു. ഹിന്ദി ദിവസം സെപ്റ്റംബർ 14 ഹിന്ദി മാതൃഭാഷ ആയിട്ടുള്ള പ്രസിദ്ധരെ സ്കൂളിൽ എത്തിച്ച ക്ലാസ് നടത്താൻ ശ്രമിക്കുന്നു | ജൂലൈ<br>സെപ്റ്റംബർ<br><br>അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ<br><br>ഹിന്ദി അധ്യാപകർ | ഹിന്ദി ക്ലബ്<br>ഹിന്ദി ക്ലബ്<br><br>പി.ടി.എ |

മേഖല . ഹൈസ്കൂൾ, സാമൂഹ്യശാസ്ത്രം യു.പി/എച്ച്.എസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **സ്റ്റാർട്ടപ്പ്** : സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക. | **ചരിത്രമുറങ്ങുന്ന മണ്ണിലൂടെ** സർവ്വേ പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| 3. സാമൂഹിക ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക.<br>4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളുടെ പരിചയപ്പെടുക.<br>5. ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക | **പാട്ടുപാതയിലൂടെ**<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം നൽകുക<br>7. വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | **വൈ സിനിമ റൂം**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിക്കുന്ന ക്ലാസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രോജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 8. വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചു, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവ യെല്ലാം പരിയചപ്പെടുക ലക്ഷ്യം | **<u>ചരിത്ര കൊട്ടാരം</u>**: വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

മേഖല . ഹൈസ്കൂൾ, സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ കൗതുകം, ജിഞ്ജാസ, നിരീക്ഷണ പാഠം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പ ിടിഎ |
| | മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശന ക്ലാസുകളിൽ പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 2. **ശാസ്ത്രലോകത്തേക്ക്** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുക | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | വർഷത്തിലൊരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം ഒരുതവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ്<br>പി.ടി.എ |
| 3. **ഹൈടെക് വേൾഡ്** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം, ശാസ്ത്ര ലാബ്, ഐടി ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം ഒരുതവണ | സയൻസ് അധ്യാപകർ | മാനേജ്മെന്റ് |
| 4. **ആയുർരേഖ** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു തണൽ നട്ടുപിടിപ്പിക്കൽ ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കൽ. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | കൃഷിവകുപ്പ് ഹരിതസേന സീഡ് |

| | | | | |
|---|---|---|---|---|
| 5. വൈജ്ഞാനിക ബഹുസ്പൂരണം, അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതു പുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു.<br><br>സംസ്ഥാന ദേശീയതലത്തിലുള്ള സെമിനാർ പ്രോജക്ട് മുതലായവയിൽ പങ്കെടുപ്പിക്കുന്നു.<br><br>ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് | <br><br>രക്ഷിതാക്കൾ<br><br>മാനേജ്മെന്റ് |

മേഖല . ഹൈസ്കൂൾ, ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോട്ടു നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതി കളിലെ ശേഷി കൈവരിക്കൽ | മാത്സ് ക്ലിനിക് | | | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളും പ്രാധാന്യം ബോധ്യപ്പെടൽ. | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത<br>ശില്പശാലകൾ<br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | തുടർ പ്രവർത്തനം<br>ഒരു ടേമിൽ ഒന്ന് | അധ്യാപകർ<br>അധ്യാപകർ പി ടി എ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 4. ഗണിതത്തെ ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ എന്നിവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് | പി ടി എ |
| 5. സംഘബോധം ഉണ്ടാക്കൽ | സംഖ്യ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർപഠനങ്ങൾ സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക് വർഷം തുടർപ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനങ്ങൾ | ഗണിത ഗ്രാമം കുട്ടികളെ കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് മാനേജ്മെന്റ് |
| 8. ഗണിത മത്സരവേദിയിലേക്ക് മേളകളിൽ ഉണർത്തുന്ന ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ 1 | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ പിടിഎ | |

| | | | | |
|---|---|---|---|---|
| 9. ഗണിതലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കുന്നു | മെയ് /ജൂൺ | ക്ലബ്ബ് സെക്രട്ടറി<br>അധ്യാപകർ<br>പിടിഎ | പി ടി എ |
| 10. രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടിഎ നടത്തുന്ന ചുമതലകൾ നൽകുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ<br>എച്ച് എം<br>പി ടി എ<br>പ്രസിഡന്റ് | പി ടി എ |

## മേഖല . ഹൈസ്കൂൾ, മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ഗണിതത്തെ തിരിച്ചറിയൽ | നിരീക്ഷണം<br>വിവിധ ഗണിത ആശയങ്ങൾ നിത്യജീവിതത്തിൽ വിശകലനത്തിലൂടെ നേടാൻ അവസരം | ജൂൺമാസം | ഗണിത അധ്യാപകർ | |
| 2. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം പഠിതാക്കളും ഉറപ്പുവരുത്തുന്നു. | ഗണിത ശില്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ളാഷ് കാർഡ് എന്നിവ ഉപയോഗിക്കുന്നു. | ജൂൺമാസം | ഗണിത അധ്യാപകർ | |
| 3. ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കി ക്ലാസ് | ആവശ്യാനുസരണം | ഗണിത അധ്യാപകർ ക്ലബ്ബ്കാരും | ഗണിത ക്ലബ്ബ്, പി. ടി.എ |
| 4. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപ നിർമ്മാണം | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ | |
| 5. ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ഗണിതശയകഥകൾ കവിതകൾ കടംകഥകൾ പരിചയപ്പെടൽ | ആഴ്ചയിൽ ഒരിക്കൽ | ഗണിക ക്ലബ്ബ് | ഗണിത ക്ലബ്ബ്, |
| 6. ആധുനിക ശാസ്ത്രീയ സാങ്കേതിക വിദ്യാഭ്യാസാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗിക്കുന്നു | ഐടി സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ക്രിയങ്ങൾ താൻ ഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗിച്ച് കുട്ടികളിലേക്ക് എത്തിക്കുന്നു | ആഴ്ചയിൽ ക്ലാസ് പിരീഡ് | ഗണിക ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അദ്ധ്യാപകൻ സമർദ്ധരായ കുട്ടികൾ | |
| 8. വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജിയിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ്.ആർ.ജി | |

മേഖല . സാമൂഹ്യ അവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹത്തിലെ പൊതുകാര്യങ്ങൾ ഓരോന്നിനെയും കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക<br>പഠനം വിടവ് കണ്ടെത്തുക | • മയക്കുമരുന്ന് ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനം<br>• ട്രാഫിക് നിയമങ്ങൾ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികൾ എന്നിവയെ കുറിച്ച് അവബോധം ഉണ്ടാക്കുക<br>• വ്യക്തി ശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പ്, ഉദ്യാനവൽക്കരണം,<br>• വ്യായാമം, ആരോഗ്യകായിക ക്ഷമത പരിശീലനം.<br>• ഡിജിറ്റൽ അക്ഷര ബോധവൽക്കരണം<br>• പൊതുമുതൽ സംരക്ഷണം അവബോധം<br>• സ്ക്രിപ്റ്റുകൾ, റോൾ പ്ലേ, നാടകം, കുറിപ്പ് തയ്യാറാക്കൽ, സൂമ്പാ ഡാൻസിങ്, സ്കൂൾ പിടിഎ, ശുചീകരണം, പോസ്റ്റർ നിർമ്മാണം | ജൂൺ<br>3-13 വരെ<br>പഠന വിടവ് കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനായി ഈ പ്രവർത്തനം നടത്തുകയും മാർച്ച് വരെയുള്ള കാലയളവിൽ പഠന ലക്ഷ്യങ്ങൾക്ക് അനുസൃതമായി ആഴത്തിൽ മനസ്സിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br><br>ജൂൺമാസം | എസ്.ആർ.ജി<br><br>മലയാളം അദ്ധ്യാപകർ |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | • എന്റെ അവധികാലം കുട്ടികളുടെ അവധിക്കാലം അനുഭവങ്ങൾ, വിവിധ വ്യവഹാരങ്ങളിലൂടെ കഥ, കവിതയാത്ര അനുഭവം, അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു<br>• ഭാഷാകേളി - അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. വാക്കുകളിൽ നിന്നും | ജൂൺമാസം<br><br>ജൂൺമാസം | മലയാളം അദ്ധ്യാപകർ<br><br>മലയാളം അദ്ധ്യാപകർ |

| | | | |
|---|---|---|---|
| | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടെ കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.<br>• വാർത്ത ലോകത്തിലേക്ക് പത്രം, ആഴ്ചപ്പതിപ്പ് എന്നിവ കുട്ടികൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശേഷി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ |
| | • **<u>വാർത്താവായന</u>**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | പ്രതി മാസം | മലയാളം അദ്ധ്യാപകർ |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയുടെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം അദ്ധ്യാപകർ |
| | • **<u>സംവാദം/ മുഖാമുഖം</u>**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണ സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | മലയാളം അദ്ധ്യാപകർ |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ<br><br>മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കൽ | • **<u>ഇ കമ്പ്യൂട്ടിംഗ്</u>**<br>മുഴുവൻ കുട്ടികളുടെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഈ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം അദ്ധ്യാപകർ |

മേഖല . ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രമിക്കാനും അനായാസം സംസാരിക്കാനും അവസരം നൽകുന്നു. | Lend Your Ear ലളിതവും രസകരമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂൺ | ഇംഗ്ലീഷ് ടീച്ചർ |
| | Follow Me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് ടീച്ചർ |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം നൽകുന്നു. | നവംബർ | ഇംഗ്ലീഷ് ടീച്ചർ |
| | Missing Man Conversation Record ചെയ്തു കേൾപ്പിക്കുന്നു. ശേഷം ഏതെങ്കിലും ഒരു ക്യാരക്ടർ മിസ്സിംഗ് ആക്കി Fill up ചെയ്യാൻ അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് ടീച്ചർ |
| | Treasure Hund<br>Clues ഉപയോഗിച്ച് ഉത്തരങ്ങൾ റീ കളക്ട്റ്റ് ചെയ്യാൻ അവസരം. | ആഗസ്ററ് | ഇംഗ്ലീഷ് ടീച്ചർ |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | One Man Show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം | ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ |

| | | | |
|---|---|---|---|
| | I Too Can !!<br>വ്യത്യസ്ത തലങ്ങളിൽ വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണമായതിലേക്ക് ) | ജൂലൈ | ഇംഗ്ലീഷ് ടീച്ചർ |
| | Leaning Ladder<br>പാഠഭാഗത്തുനിന്നും തിരഞ്ഞെടുത്ത കുറച്ചു വാക്കുകൾ ചാർട്ടിലാക്കി കണ്ണാടിയിൽ നിന്നും വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചർ |
| | F M Corner വ്യത്യസ്തമായ കഥകൾ, റീഡേഴ്സ് തിയേറ്റർ, റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. | ഒരു ടേമിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ |
| | Reader of the month<br>ഇംഗ്ലീഷ് സ്റ്റോറീസ് / ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകി Reader of the month ആദരിക്കുന്നു | മാസം തോറും | ഇംഗ്ലീഷ് ടീച്ചർ |
| തെറ്റു കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു റൺ ബേബി റൺ ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി മിനി ഡിക്ഷ്ണറി | വർഷാവസാനം | ഇംഗ്ലീഷ് ടീച്ചർ |
| | Alert Zone<br>സൂചന ബോർഡുകൾ, പോസ്റ്റർ, നോട്ടീസ് എന്നിവ നിർമ്മിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് ടീച്ചർ |
| Run Baby Run | Run Baby Run -ക്ലാസിനെ ഗ്രൂപ്പുകൾ ആക്കുന്നു. ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് | ഫെബ്രുവരി | ഇംഗ്ലീഷ് ടീച്ചർ |

| | | | |
|---|---|---|---|
| | തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം സെന്റെൻസ് എഴുതിയ ഗ്രൂപ്പിനെ വിജയികളാക്കുന്നു<br><br>Fun Time Funda,<br>കടങ്കഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു<br>5th Std കഥ പറയൽ, സ്റ്റോറി മുതലായവയ്ക്കും ഫാൻസി ഡ്രസ്സിനും നടത്താൻ അവസരം, ഡോക്യുമെന്ററി<br><br>ജൂൺ ജൂലൈ നവംബർ | ഇംഗ്ലീഷ് പീരീഡ് | ഇംഗ്ലീഷ് ടീച്ചർ |